ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കാൻ നടപടി

80(4361) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചെമ്മാപ്പിള്ളി, അഴിമാവ് കടവ് എന്നിവിടങ്ങളിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ :

(ബി) ഈ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) കാലപ്പഴക്കംകൊണ്ട് അപകടത്തിലാണെന്ന് പൊതുമരാമത്ത് വകുപ്പ് പരിശോധനാവിഭാഗം കണ്ടെത്തിയിട്ടുള്ള പഴുവിൽപാലം പുതുക്കി പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ഡി) മുറ്റിമ്പൂരിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി ആയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ; ഈ പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിൽ നിന്ന് വായ്പ ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെമ്മാമ്പള്ളി പാലത്തിന്റെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അഴിമാവ് കടവ് പാലം പണിക്ക് 340 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മറ്റിമ്പൂർ എന്ന പേരിൽ സ്ഥലമില്ല. മുറ്റിച്ചൂർ കടവിൽ പാലം പണിക്കാവശ്യമായ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നാദാപുരം നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

81 (4362) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുള്ള തൊട്ടിൽപാലം കായലോട്ടുതാഴപാലം, കുരുടൻ കടവുപാലം, തുരുത്തിമുക്കുപാലം, കാരിമുണ്ടപാലം തുടങ്ങിയവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ചുള്ള ഫയലുകൾ എവിടെയെല്ലാം ഏതെല്ലാം നമ്പരുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly